LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട, കോട്ടയം ജില്ലകളിൽ സൗകര്യപ്രദമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. ഓരോ 100 കിലോമീറ്ററിനുള്ളിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ എന്ന രീതിയിൽ സ്ഥാപിക്കുന്നതിനാണ് അനെർട്ട് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിനായി എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് സർക്കാർ, പൊതുമേഖലാ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ ലഭ്യമാണെങ്കിൽ അവിടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. സ്വകാര്യ സംരംഭകരെകൂടി ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാളുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നതാണ്.

സൗരോർജ്ജ നിലയങ്ങളിലെ വൈദ്യുതി ഉല്പാദനം

272 (657) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ വൈദ്യുതി ഉല്പാദനം എത്ര മെഗാവാട്ടാണെന്ന് അറിയിക്കാമോ; ഇതിൽ സൗരോർജ്ജ നിലയങ്ങളിൽനിന്നുള്ള ഉല്പാദനം എത്രയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ആകെ വൈദ്യുതോൽപ്പാദനത്തിൽ സൗരോർജ്ജമൊഴികെ 2838 മെഗാവാട്ട് ആണ് (ജലവൈദ്യുതി, താപവൈദ്യുതി, കാറ്റിൽ നിന്നുള്ള വൈദ്യുതി എന്നിവ ഉൾപ്പെടുന്നു). വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും 304.208 മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്.

(ബി) ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ സൗരോർജ്ജ നിലയങ്ങൾക്കുള്ള ചെലവ് എത്രയെന്ന് വിശദമാക്കാമോ?

നിലവിലെ GST നിരക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ സൗരോർജ്ജ നിലയങ്ങൾക്കുള്ള ചെലവ് ഏകദേശം 1.80 രൂപ ആണ്.